# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1395 — 31.10.2019 ൽ മറുപടിക്ക്

### കൈവശാവകാശ സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ** (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | യഥാർത്ഥ വസ്തുതകൾ മറച്ച് വച്ചുകൊണ്ടും, തെറ്റായ വിവരങ്ങൾ നൽകികൊണ്ടും റവന്യൂ അധികാരികളിൽ നിന്നും നേടിയിട്ടുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടിക്രമം എന്താണെന്നും അപ്പീൽ അധികാരി ആരാണെന്നും വ്യക്തമാക്കാമോ; | (എ) | വില്ലേജ് ആഫീസർ കൈവശ സർട്ടിഫിക്കറ്റ് അനുവദിച്ച് കഴിഞ്ഞ് ആയത് തെറ്റാണെന്ന് വില്ലേജ് ആഫീസർക്ക് ബോധ്യപ്പെട്ടാൽ രേഖകൾ സഹിതം വില്ലേജ് ആഫീസർ തഹസീൽദാർക്ക് റിപ്പോർട്ട് നൽകുന്നു. വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ ചാർജ്ജ് ആഫീസർ മുഖേന അന്വേഷണം നടത്തി വില്ലേജ് ആഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ് തെറ്റാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ആയത് റദ്ദുചെയ്തു നടപടിക്രമം പുറപ്പെടുവിക്കുന്നതും പകർപ്പ് കക്ഷിയ്ക്കും ബന്ധപ്പെട്ട വില്ലേജ് ആഫീസർക്കും നൽകുന്നു. സേവനാവകാശ നിയമപ്രകാരം ഒന്നാം അപ്പീൽ അധികാരി തഹസീൽദാരും രണ്ടാം അപ്പീൽ അധികാരി റവന്യൂ ഡിവിഷണൽ ഓഫീസറും ആണ്. |
| (ബി) | വ്യക്തികളുടെ കൂട്ടവകാശത്തിലുള്ളതും എന്നാൽ കൂട്ടവകാശത്തിലെ വ്യക്തികൾ തമ്മിൽ അവകാശം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതുമായ അവസ്ഥയിൽ കൂട്ടവകാശികളിൽ ഒരാൾക്ക് മാത്രമായി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് റവന്യൂ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | കൂട്ടവകാശികളിൽ ഒരാൾക്ക് മാത്രമായി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ല. |

**സെക്ഷൻ ഓഫീസർ**